ഉത്തരം

(എ) സ്കൂളുകളിൽ അടുക്കള നിർമ്മാണത്തിന് ധനസഹായം നൽകുന്ന കേന്ദ്ര പദ്ധതി നിലവിലുണ്ട്.

(ബി) കുട്ടികളുടെ എണ്ണത്തിനാനുപാതികമായ തുകയാണ് കേന്ദ്ര പദ്ധതിയനുസരിച്ച് ഈ വർഷം മുതൽ അടുക്കള നിർമ്മാണത്തിനുള്ളത്. പദ്ധതി പ്രകാരം ഒരു സ്കൂളിന് അടുക്കള നിർമ്മാണത്തിനായി ലഭിക്കുന്ന ഏറ്റവും കുറഞ്ഞതുക 1.6 ലക്ഷം രൂപയും കൂടിയതുക 2.56 ലക്ഷം രൂപയുമാണ്. ഫണ്ടിന്റെ 25% തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്.

(സി) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രീകൃത അടുക്കളകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ഹൈസ്കൂൾ, യു.പി., എൽ.പി. എന്നിവിടങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

29 (3775) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ, യു.പി., എൽ.പി. എന്നിവിടങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അനുപാതം പ്രാബല്യത്തിൽ വന്നത് എന്നുമുതലാണ് ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിനുള്ള മാനദണ്ഡം എന്താണ് ; നിലവിലുള്ള അനുപാതത്തിൽ കാലോചിതമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തു മാറ്റമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1:45

(ബി) 1964-65 അക്കാഡമിക് വർഷം മുതൽ (4-8-1964-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന)

(സി&ഡി) കെ.ഇ.ആർ. അദ്ധ്യായം VI റൂൾ 23 പ്രകാരമാണ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം വ്യത്യസ്തമാണ്. അത് കേരളത്തിൽ നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ചു വരികയാണ്.

എസ്.എസ്.എൽ.സി. ബുക്ക് തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കൽ

30 (3776) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി, കുട്ടികളുടെ പേര്, മതം എന്നിവ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly